(സി) ഇതിന് എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഈ വർഷം ഓണക്കാലത്ത് വിനോദസഞ്ചാര വാരാഘോഷം നടത്തുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

തൃപ്രയാർ ഒരു ടൂറിസ്റ്റ് സെൻറർ ആയി പ്രഖ്യാപിക്കാൻ നടപടി

1128 [2058] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ കേന്ദ്രസ്ഥാനമായ തൃപ്രയാർ ഒരു പ്രസിദ്ധ തീർത്ഥാടന കേന്ദ്രമെന്ന നിലയിലും ബീച്ചു പ്രദേശമെന്ന നിലയിലും ടൂറിസ്റ്റ് സെൻറർ ആയി പ്രഖ്യാപിക്കാൻ എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരിൽനിന്നും എന്നു വ്യക്തമാക്കാമോ;

(സി) തൃപ്രയാർ ഒരു ടൂറിസ്റ്റ് സെൻററാക്കാൻ ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസനപ്രവർത്തനങ്ങൾ ട്രാവൽ സർക്യൂട്ട് അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്രഗവൺമെൻറിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ തൃപ്രയാർ ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവലഭ്യതയും ഏറ്റെടുക്കപ്പെട്ട മറ്റു പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുവാൻ ടൂറിസം വകുപ്പിന് തൽക്കാലം നിവൃത്തിയില്ല. പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ പരിഗണിക്കാം.

മലമ്പുഴയിലെ ഗവൺമെൻറ് ഗസ്റ്റ്ഹൗസ് ജീവനക്കാരുടെ ക്വാർട്ടേഴ്സ്

1129 [2060] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴയിലെ ഗവൺമെൻറ് ഗസ്റ്റ്ഹൗസിലെ ജീവനക്കാർ തങ്ങൾക്കനുവദിച്ച ക്വാർട്ടേഴ്സുകൾ വാടകയ്ക്ക് കൊടുത്തിട്ടുള്ള വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലമ്പുഴ ഗസ്റ്റ്ഹൗസിലെ വെയിറ്റർ ശ്രീ. റ്റി. സി. ബേബിക്ക് അനുവദിച്ചിട്ടുള്ള കാർട്ടേഴ്സ് വാടകയ്ക്ക് കൊടുത്തതായി പരാതി ടൂറിസം വകുപ്പു ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) മലമ്പുഴ ഗസ്റ്റ്ഹൗസിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള കാർട്ടേഴ്സ് പൊതുമരാമത്ത് വകുപ്പിന്റെ വകയാണ്. ശ്രീ. റ്റി. സി. ബേബിയെക്കുറിച്ചുള്ള പരാതി വേണ്ട നടപടികൈക്കായി പാലക്കാട് പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ടൂറിസം ഡയറക്ടർ 14-5-1986-ൽ അയച്ചു കൊടുത്തിട്ടുണ്ട്.

ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷൻ

1130 [2061] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് ഇപ്പോൾ എത്ര സ്ഥലവും കെട്ടിടങ്ങളും ഉണ്ട്;

(ബി) ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ ആസ്തി-ബാദ്ധ്യതകൾ 31-5-1986-ൽ എത്രയാണ്?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് വിവിധ പ്രദേശങ്ങളിലായി ഉള്ള സ്ഥലത്തിന്റെയും കെട്ടിടങ്ങളുടെയും വിവരം താഴെക്കൊടുക്കുന്നു.

		സ്ഥലത്തിന്റെ വിവരം	കെട്ടിടത്തിന്റെ വിവരം
1.	തിരുവനന്തപുരത്ത് വഴുതക്കാട്	35 സെന്റ്	ഹെഡ്ഡാഫീസും മിനി തിയേറ്ററും
2.	തിരുവനന്തപുരത്ത് തമ്പാനൂർ	73 സെന്റ്	ഇരട്ട തിയേറ്റർ (നിർമ്മാണം അവസാനഘട്ടത്തിൽ)
3.	തിരുവനന്തപുരത്ത് തിരുവല്ലം	72.96 ഏക്കർ	സ്റ്റുഡിയോ കോംപ്ലക്സ്
4.	ചേർത്തല	61 സെന്റ്	ചിത്രാഞ്ജലി തിയേറ്റർ
5.	വടക്കൻപറവൂർ	50 സെന്റ്	പൂർത്തിയാകാത്ത തിയേറ്റർ (നിർമ്മാണപ്രവർത്തനം നിറുത്തിവച്ചിരിക്കുന്നു)
6.	പാലക്കാട് ചിറ്റൂർ	38 സെന്റ്	പൂർത്തിയാകാത്ത തിയേറ്റർ (നിർമ്മാണപ്രവർത്തനം നിറുത്തിവച്ചിരിക്കുന്നു)
7.	കോഴിക്കോട്	41.7 സെന്റ്	ഇരട്ട തിയേറ്റർ (നിർമ്മാണം അവസാനഘട്ടത്തിൽ)
8.	ആലപ്പുഴ	75 സെന്റ്	ഇല്ല
9.	തൃശൂർ	57.7 സെന്റ്	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly